"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-വിശാല കൊച്ചി വികസന അതോറിറ്റി-കലൂർ വിശദ നഗരാസൂത്രണ പദ്ധതി പ്രദേശത്ത് ഉൾപ്പെട്ട സ്ഥലത്ത് എക്സിബിഷൻ-കം-കൺവെൻഷൻ സെന്റർ നിർമ്മിക്കുന്ന പദ്ധതിക്ക് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്

സ.ഉ.(സാധാ) നം.1203/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/06/2021

പരാമർശം:- വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 05.12.2019-ലെ 1253/പിഎൽ2/2014/ജിസിഡിഎ നമ്പർ കത്ത്.

<u>ഉത്തരവ്</u>

വിശാല കൊച്ചി വികസന അതോറിറ്റിയുടെ കൈവശം കലൂർ വിശദ നഗരാസൂത്രണ പദ്ധതി പ്രദേശത്ത് എറണാകുളം വില്ലേജിലെ സർവ്വേ നമ്പർ 104, 108, 110, 124 എന്നിവയിൽ ഉൾപ്പെടുന്ന ഏകദേശം 210 സെന്റ് സ്ഥലത്ത് അതോറിറ്റി വക ഫണ്ട് ഉപയോഗിച്ച് ഒരു എക്സിബിഷൻ-കം-കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള തത്വത്തിലുള്ള അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു..

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിശാല കൊച്ചി വികസന അതോറിറ്റിയുടെ കൈവശത്തിലുള്ളതും കലൂർ വിശദ നഗരാസൂത്രണ പദ്ധതി (ഡി.റ്റി.പി) പ്രദേശത്ത് ഉൾപ്പെട്ടതും എറണാകുളം വില്ലേജിലെ സർവ്വേ നമ്പർ 104, 108, 110, 124 എന്നിവയിൽപ്പെട്ടതുമായ ഏകദേശം 210 സെന്റ് സ്ഥലത്ത് അതോറിറ്റിയുടെ തനത് ഫണ്ട് ഉപയോഗിച്ച് എക്സിബിഷൻ-കം-കൺവെൻഷൻ സെന്റർ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ എം

ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ) / (ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ